
## EXPERT TALK



**A.M.Faizal,**
Nirman Designs



# FOYER ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഒന്നിൽ കൂടുതൽ ആളുകൾ ഒരുമിച്ചു വീടിനുള്ളിലേക്ക് കയറേണ്ടി വരുന്ന സാഹചര്യങ്ങളിൽ സിറ്റൗട്ടിൽ നിന്നുമുള്ള എൻട്രസിനു ആവശ്യമായ വിശാലത നൽകണം

ഓരോ വീടിന്റെയും അവിഭാജ്യ ഘടകമായിരിക്കുന്നു ഇന്ന് ഫോയറുകൾ. വീടിന്റെ സിറ്റൗട്ടിൽ നിന്ന് ഉള്ളിലേക്ക് കയറുമ്പോൾ ഈ ഫോയർ സ്പേസിലൂടെയാണ് നാം സാധാരണ രീതിയിൽ മറ്റു കോമൺ ഏരിയകളിലേക്ക് നയിക്കപ്പെടുന്നത്.

ഒന്നിൽ കൂടുതൽ ആളുകൾ ഒരുമിച്ചു വീടിനുള്ളിലേക്ക് കയറേണ്ടി വരുന്ന സാഹചര്യങ്ങളിൽ സിറ്റൗട്ടിൽ നിന്നുമുള്ള എൻട്രസിനു ആവശ്യമായ വിശാലത നൽകണം. മിനിമം ലെവലിൽ 120 സെ. മീ മുതലാണ് ഇവിടങ്ങളിൽ ൻൽകാറുള്ളത്. വീടിന്റെ അകത്തളങ്ങളിലേക്ക് ആദ്യമായി ആനയിക്കപ്പെടുന്ന ഭാഗമായതിനാൽ വളരെ ആകർഷകമായാണ് ഇവ സാധാരണ ഡിസൈൻ ചെയ്യപ്പെടാറുള്ളത്. ഫോർമൽ ആൻഡ് ഫാമിലി ലിവിങ്ങ് സ്പേയ്സ്, ഡൈനിംഗ് ഏരിയ പോലുള്ള കോമൺ ഏരിയകളിലേക്ക് സുഗമമായി പ്രവേശിക്കാൻ പറ്റുന്ന രീതിയിൽ, എന്നാൽ അവിടങ്ങളിൽ നിന്നു തികഞ്ഞ പ്രൈവസി കിട്ടുന്ന രീതിയിലുമാണ് ഈ സ്പേയ്സുകൾ പ്ലാൻ ചെയ്യേണ്ടത്.




ഫ്ളോറിലും ചുമരിലും ആകർഷകമായ മെറ്റീരിയലുകൾ ഉപയോഗിച്ച് പോസിറ്റീവ് എനർജി കിട്ടുന്നതും ഫംഗ്ഷണലുമായ രീതിയിൽ തന്നെയാണ് ഫോയറുകൾ ഒരുക്കേണ്ടത്. സിറ്റൗട്ടിലും മറ്റു കോമൺ ഏരിയകളിലും ഉപയോഗിച്ച ഫ്ളോറിങ്ങിന്റെ തുടർച്ചയാണ് ഇവിടെയും വേണ്ടത്. വെളിച്ചത്തിന്റെ ലഭ്യത കുറവുള്ള ഇടമാണെങ്കിൽ ലൈറ്റ് കളർ ഫ്ളോറിങ്ങ് ആണുചിതം. ഫോയർ സ്പേയ്സിൽ നിന്നും കോമൺ ഏരിയകളിലേക്കുള്ള ഡയറക്ഷൻ കാണിക്കാൻ ഫ്ളോറിങ്ങിൽ ചെറിയ സ്ട്രിപ് പാറ്റേൺ നൽകാവുന്നതാണ്. ഡിസൈൻ കോൺസെപ്റ്റിനനുയോജ്യമായി ഇതേ പാറ്റേൺ സീലിങ്ങിലും നൽകാം. രാത്രി സമയങ്ങളിൽ ആവശ്യമായ വെളിച്ചം മിനിമൽ ലെവലിൽ ലഭിക്കാൻ ആവശ്യമെങ്കിൽ ഇവിടെ ഇൻഡയറക്റ്റ് ലൈറ്റിങ്ങും നൽകാവുന്നതാണ്. പാസ്സേജ് പോലെ ഡിസൈൻ ചെയ്യാറുള്ള ഈ ഏരിയയിൽ കൈ തട്ടി അഴുക്കു വരാവുന്ന ഭാഗങ്ങളിൽ ചുമരിൽ അനുയോജ്യമായ രീതിയിൽ ഡാർക് ക്ലാഡിങ്ങുകളും ഉപയോഗിക്കാവുന്നതാണ്.

അതുപോലെ ഫാമിലി ലിവിങ്ങ് ഏരിയയിലേക്ക് കയറുന്നതിനു മുൻപേ സിറ്റൗട്ടിൽ നിന്നും ഒരു കണക്ഷൻ ബ്രിഡ്ജ് എന്ന രീതിയിലും ഫോയർ സ്പേയ്സ് വരാറുണ്ട്. താരതമ്യേന വലിയ ഏരിയയിലുള്ള വീടുകളിലാണ് ഇത്തരത്തിൽ ഫോയറുകൾ ഒരുക്കാറുള്ളത്. സാധാരണ ബജറ്റ് ഹോമുകളിൽ ഇങ്ങനെയുള്ള ഫോയറുകൾ ഇടം പിടിക്കാറില്ല.